5. ചാവക്കാട്-വടക്കാഞ്ചേരി റോഡ്

(ബി) പുതുതായി സ്റ്റേറ്റ് ഹൈവേകളായി നിർദ്ദേശിച്ചിട്ടുള്ള റോഡുകൾ താഴെപ്പറയുന്നവയാണ്.

1. മുളങ്കുന്നത്തുക്കാവ് മുങ്ങൂർ-അരംപാണ്ടു റോഡ്, 26.280 കി.മീ.
2. തൃശ്ശൂർ-പേരൂർ-കുണ്ടുകാട്-വടക്കാഞ്ചേരി റോഡ്, 18.713കി.മീ.
3. മണ്ണുത്തി-ഒല്ലൂർ-ചേർപ്പ്-തൃപ്പയാർ റോഡ്, 27.422 കി.മീ.
4. പട്ടിക്കാട്-പീച്ചി റോഡ്. 6.60 കി.മീ.
5. കോട്ടപ്പടി-പൊന്നാനി റോഡ്, 12.60 കി.മീ.
6. പെരിങ്ങോട്ടുക്കര-ചാവക്കാട് റോഡ്, 24.970 കി.മീ.
7. ചെറുതുരുത്തി-പൊന്നാനി റോഡ്, 9.352 കി.മീ.
8. വാഴക്കോട്-ആലത്തൂർ റോഡ്, 22.642 കി.മീ.
9. പോട്ട-കാഞ്ഞിരപ്പള്ളി റോഡ്, 4.90 കി.മീ.
10. ചാലക്കുടി- മാള റോഡ്, 4.04 കി.മീ.
11. തൃശ്ശൂർ-വാടാനപ്പള്ളി റോഡ്, 16.00 കി.മീ.
12. നന്ദിക്കര- മാപ്രാണം റോഡ്, 8.449 കി.മീ.
13. ആനക്കല്ല്-പെരിങ്ങോട്ടുകര റോഡ്, 13.812 കി.മീ.

(സി) ആനക്കല്ല്-പാലക്കൽ, കുണ്ടോളിക്കടവ്, പെരിങ്ങോട്ടുകര റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(ഡി) പാലയ്ക്കൽ-പെരിങ്ങോട്ടുകര റോഡിൽ കലുങ്കു വീതികൂട്ടുന്നതിനും കാന നിർമ്മിയ്ക്കുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ പാലയ്ക്കൽ മുതൽ അമ്മാടം വരെയുള്ള ഭാഗം വീതി കൂട്ടുന്ന പണി നടക്കുന്നുമുണ്ട്.

120 (1338) 'ഇരുമ്പക്കമ്മി - അരുവിക്കര റോഡ്'

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വാട്ടർ സപ്ലൈ ഓഗ്മെന്റേഷൻ സ്കീമിന്റെ ഭാഗമായ ഇരുമ്പക്കമ്മി-അരുവിക്കര റോഡ് റീടാർ ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ടെൻഡർ നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ പണി എന്നാരംഭിക്കുമെന്ന് അറിയിക്കുമോ;

(ഡി) ഈ റോഡ് എന്ന് ഗതാഗത യോഗ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)പ്രസ്തുത പണി ടെൻഡർ ചെയ്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി)ടെൻഡറിന് അംഗീകാരം നൽകി കഴിഞ്ഞ് ബാക്കി നടപടികളും പൂർത്തിയാക്കിയാലെ പണി ആരംഭിച്ച് റോഡ് ഗതാഗത യോഗ്യമാക്കുവാൻ കഴിയുകയുള്ളൂ.

121 (1339) "വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ നിർമ്മാണം"

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; ഈ റോഡ് നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ; ഇതിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പണി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ റോഡിന്റെ പണി ടെൻഡർ ചെയ്ത് കരാറുകാരനെ ഏല്പിച്ചെങ്കിലും കരാറുകാരൻ പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്.

(ബി) പണി ടെർമിനേറ്റ് ചെയ്യാനുള്ള ഫൈനൽ നോട്ടീസ് 26.11.96-ൽ നൽകിയെങ്കിലും കരാറുകാരനായ ശ്രീ. സിനിൾ പാറേക്കാട്ടിൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. കേസിന്റെ തീർപ്പായിട്ടില്ല. കേസിന്റെ തീർപ്പ് ആയതിനുശേഷം പണി ടെർമിനേറ്റ് ചെയ്തിട്ടെ മറ്റ് കരാറുകാരനെ ഏല്പിക്കുവാൻ സാധിക്കുകയുള്ളൂ.

122 (1340) "വയനാട്ടിലെ റോഡുകളുടെ ശോചനീയാവസ്ഥ"

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയെ, മറ്റു ജില്ലകളുമായി ബന്ധിപ്പിക്കുന്ന കോഴിക്കോട്, വയനാട് റോഡ് മാനന്തവാടി കണ്ണൂർ റോഡ് വടകര മാനന്തവാടി റോഡ് എന്നിവയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) വയനാടൻ മേഖലയിലെ കാലാവസ്ഥയുടെ പ്രത്യേകത കണക്കിലെടുത്ത് മഴക്കാലം തുടങ്ങുന്നതിനുമുൻപ് ഈ റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly